**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **22-02-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഏതെല്ലാം ഡിപ്പാർട്ട്മെന്റുകളാണ് നിലവിലുള്ളതെന്നും അവയെല്ലാം പൂർണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ക്രമ നം ഡിപ്പാർട്ട്മെന്റ് നിലവിലെ സ്ഥിതി 1. അസ്ഥിരോഗ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 2. മെഡിസിൻ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 3. നേത്ര വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 4. ശിശു രോഗ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 5. അനസ്തേഷ്യ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 6. ഇ.എൻ.റ്റി വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 7. ഗൈനക്കോളജി വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 8. സർജറി വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 9. റേഡിയോളജി വിഭാഗം റേഡിയോളജി വിഭാഗത്തിൽ നിയമിതനായ ഡോക്ടറുടെ സേവനം ഈ സ്ഥാപനത്തിന് ഇപ്പോൾ ലഭ്യമല്ല. ടിയാനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ കോട്ടയം ജനറൽ ആശുപത്രിയിൽ നിയമിച്ചിരിക്കുന്നു. 10. സൈക്യാട്രി വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 11. ത്വക്ക് രോഗ വിഭാഗം നിലവിൽ ത്വക്ക് രോഗ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരൊഴിവുണ്ട്. ആയത് നികത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് 12. ദന്തൽ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 13. അത്യാഹിത വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 14. കാത്ത് ലാബ് പുതുതായി സജ്ജീകരിച്ചിരിക്കുന്ന കാത്ത് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. കാത്ത് ലാബ് ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്ന ജീവനക്കാർക്ക് കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും ഒരു മാസത്തെ പരിശീലനം നൽകിയ ശേഷമാണ് ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്നത്. 15. എക്സ്റേ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. 16. ലാബ് വിഭാഗം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| (ബി) | ജനറൽ ആശുപത്രി നിലവാരത്തിലുള്ള ബെഡ്സ് | (ബി) | ആർദ്രം പദ്ധതി പ്രകാരം കാഞ്ഞിരപ്പള്ളി ജനറൽ |

| | | | |
|---|---|---|---|
| | കപ്പാസിറ്റി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ; ആനുപാതികമായി സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ആശുപത്രിയിൽ 1030 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ടാംഘട്ട കെട്ടിട നിർമ്മാണത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാഷ്വാലിറ്റി, സർജിക്കൽ വാർഡ്, എല്ലാ വിഭാഗത്തിന്റെയും ഒ.പി, മെഡിക്കൽ റിക്കാർഡ്സ് ലൈബ്രറി, സ്റ്റോർ, ഓപ്പറേഷൻ തീയേറ്ററുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. താലൂക്ക് ആശുപത്രി മാനദണ്ഡപ്രകാരം ആവശ്യമുള്ള സ്റ്റാഫ് പാറ്റേൺ ആർദ്രം മാനദണ്ഡപ്രകാരം ഗ്യാപ് അനലൈസ് ചെയ്ത് അധികം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. |
| (സി) | നിർമ്മാണം നടന്നുവരുന്ന പുതിയ കെട്ടിടം പൂർത്തിയാക്കി മതിയായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ ഡിപ്പാർട്ട്മെന്റുകളും പൂർണ സജ്ജമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | ആർദ്രം പദ്ധതി പ്രകാരം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ആശുപത്രിയിൽ 1030 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന രണ്ടാംഘട്ട കെട്ടിട നിർമ്മാണത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാഷ്വാലിറ്റി, സർജിക്കൽ വാർഡ്, എല്ലാ വിഭാഗത്തിന്റെയും ഒ.പി, മെഡിക്കൽ റിക്കാർഡ്സ് ലൈബ്രറി, സ്റ്റോർ, ഓപ്പറേഷൻ തീയേറ്ററുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. താലൂക്ക് ആശുപത്രി മാനദണ്ഡപ്രകാരം ആവശ്യമുള്ള സ്റ്റാഫ് പാറ്റേൺ ആർദ്രം മാനദണ്ഡപ്രകാരം ഗ്യാപ് അനലൈസ് ചെയ്ത് അധികം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ